**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1088** **04.02.2019-ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന വിവരം റോഡുകളുടെ പേരും നീളവും ഉൾപ്പെടെ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമീണ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. |
| (ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നത്; | (ബി) & (സി) ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ സർക്കാർ തീരുമാനമനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ട്. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്.<br><br>ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഗ്രാമീണ റോഡുകൾ ഒന്നും തന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം. |
| (സി) ഇതുവരെ ഏറ്റെടുക്കാത്ത റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ